സബ് ആർ.ടി.ഒ. ഓഫീസുകൾ തുടങ്ങുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഭരണ പരിഷ്ക്കാര വകുപ്പിന്റെ വർക്ക് സ്റ്റഡി ഏതാണ്ട് അന്തിമ ഘട്ടത്തിലാണ്. റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം അത് പരിശോധിച്ച് പുതിയ ഓഫീസുകൾ തുടങ്ങുന്നതിനെ സംബന്ധിച്ച് തീരുമാനം താമസിയാതെ എടുക്കുന്നതാണ്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളെല്ലാം പബ്ളിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ 81 പേർക്ക് നിയമനം നൽകിക്കഴിഞ്ഞു. ബാക്കി ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(5) കേരള വ്യാപാരി-വ്യവസായി ഏകോപന സമിതി സമർപ്പിച്ച അവകാശ പത്രിക

ശ്രീ. കെ.സി. ജോസഫ് : കേരളത്തിലെ വ്യാപാര മേഖലയെ ബാധിക്കുന്ന 21 ആവശ്യങ്ങൾ അടങ്ങുന്ന ചാർട്ട് ഓഫ് ഡിമാന്റ് കേരള വ്യാപാരി-വ്യവസായി ഏകോപന സമിതി കഴിഞ്ഞ നവംബർ 30-ാം തീയതി മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. ആ ആവശ്യങ്ങളെ സംബന്ധിച്ച് പരിഹാരമുണ്ടാക്കുകയോ കേവലം ഒരു ചർച്ചയ്ക്ക് പോലുമോ തയ്യാറാകാത്ത സാഹചര്യത്തിലാണ് വ്യാപാരി-വ്യവസായികളുടെ ആഭിമുഖ്യത്തിൽ ഇന്ന് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് മാർച്ചും കേരളത്തിലാകെ വ്യാപാരി ഹർത്താലും നടത്തുന്നത്. കഴിഞ്ഞ രണ്ടാഴ്ചക്കാലമായി വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ പ്രസിഡന്റ് ശ്രീ. നസ്റുദ്ദീൻ നയിച്ച ഒരു വാഹന പ്രചരണ ജാഥ കാസർഗോഡ് നിന്നും ആരംഭിച്ച് തിരുവനന്തപുരത്ത് എത്തി. ഈ ആവശ്യങ്ങളിൽ സാമ്പത്തിക ബാദ്ധ്യതയൊന്നും ഉന്നയിച്ചിട്ടില്ല. ഗവണ്മെന്റിന് സാമ്പത്തികമായ യാതൊരു ബാദ്ധ്യതയും ഉണ്ടാകുകയില്ല. വ്യാപാര മേഖലയെ ബാധിക്കുന്ന ഗൗരവമായിട്ടുള്ള കാര്യങ്ങൾ ആണ് അവർ ഉന്നയിച്ചിട്ടുള്ളത്. ധനകാര്യമന്ത്രി 1996-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതുപോലെ കേരളത്തിന്റെ വിൽപന നികുതി നിയമങ്ങൾ ഏകീകരിക്കണമെന്നതാണ് അവരുടെ ദൃഢമായ ആവശ്യം. അതിനുവേണ്ടി പല ശ്രമങ്ങളും ഉണ്ടായി. ഗുലാത്തി കമ്മിഷൻ റിപ്പോർട്ടുണ്ടായി. ജസ്റ്റിസ് വടക്കേൻ കമ്മിഷൻ റിപ്പോർട്ടുണ്ടായി. അവസാനം രാധാകൃഷ്ണമേനോൻ കമ്മിഷൻ റിപ്പോർട്ടുണ്ടായി. റിപ്പോർട്ടുകളെല്ലാം കോൾഡ് സ്റ്റോറേജിലിരിക്കുന്നതല്ലാതെ നടപ്പിലാക്കിയിട്ടില്ല. വിൽപ്പന നികുതി നിയമത്തിൽ കാലാനുസൃതമായ പരിഷ്ക്കാരങ്ങളും മാറ്റങ്ങളും ഉണ്ടാകണം. അതുപോലെ വിൽപ്പന നികുതി സമരത്തെ സംബന്ധിച്ച് കേസുകൾ. ഇവിടെ രാഷ്ട്രീയമായി കേസുകൾ പിൻവലിക്കുന്നില്ലേ? കഴിഞ്ഞ 4 കൊല്ലക്കാലമായി രാഷ്ട്രീയ സ്വഭാവമുള്ള എത്രയോ കേസുകൾ പിൻവലിച്ചു. അക്രമസ്വഭാവമുള്ള കേസുകൾ പിൻവലിക്കപ്പെട്ടില്ലേ. എന്തുകൊണ്ട് വാർഷിക നികുതി സമരവുമായി വന്ന കേസുകൾ പിൻവലിക്കാൻ തയ്യാറാകുന്നില്ല. അത് ഒരു പ്രധാനപ്പെട്ട ആവശ്യമാണ്. അതുപോലെ വിൽപ്പന നികുതിയുടെ ഏകീകരണം. ഇത് പൊതുവായി അംഗീകരിച്ച നയമാണ്. മറ്റു സംസ്ഥാനങ്ങൾ നികുതി ഏകീകരിക്കാൻ തയ്യാറാകുന്നില്ല. അതുകൊണ്ട് കേരളത്തിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നു. അതുപോലെ മായം ചേർക്കൽ നിരോധന നിയമം. കേരള നിയമസഭയുടെ പ്രൈവറ്റ് മെമ്പേഴ്സ് ബിൽസ് ആന്റ് റെസല്യൂഷൻ കമ്മിറ്റി ഈ വിഷയം പഠിച്ച് റിപ്പോർട്ട് ഗവണ്മെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. സംസ്ഥാന ഗവണ്മെന്റിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ലെങ്കിൽപോലും സംസ്ഥാന ഗവണ്മെന്റ് മുൻകൈയെടുത്തുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്താവുന്നതാണ്. അതുപോലെ പാക്കേജ് കമ്മോഡിറ്റീസ് നിയമം. അളവ് തൂക്ക ഉപകരണങ്ങളുടെ മുദ്രകുത്തൽ. ഭക്ഷ്യ സിവിൽ സപ്ലൈസ് ലൈസൻസുകൾ, വാടക നിയന്ത്രണ നിയമം തുടങ്ങി 21 ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ ആവശ്യങ്ങൾക്കു യാതൊരു സാമ്പത്തിക ബാദ്ധ്യതയുമില്ല. എനിക്ക് ആവശ്യപ്പെടാനുള്ളത്, സംസ്ഥാന ഗവണ്മെന്റ് മുൻകൈയെടുത്തുകൊണ്ട് ഇക്കാര്യത്തിൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ചർച്ച ചെയ്യണം. ഇക്കാര്യത്തിൽ ഡിമാന്റ് സമർപ്പിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ചർച്ചയ്ക്കു അവസരം ഉണ്ടായിട്ടില്ല. ആ നടപടി ശരിയല്ല. ജനാധിപത്യ ഭരണക്രമത്തിൽ ചർച്ചയ്ക്കു വേദി ഒരുക്കാനുള്ള സാമാന്യ മര്യാദപോലും ഗവണ്മെന്റ് കാണിക്കുന്നില്ല. ഈ കാര്യത്തിലേക്ക് ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മി. സ്പീക്കർ : ഇത് സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ശ്രീ. പാലോട് രവി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കേരള വ്യാപാരി-വ്യവസായി ഏകോപന സമിതിയുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. വിൽപ്പന നികുതി സമരവുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കുക, വിൽപ്പന നികുതി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുക, മായം ചേർക്കൽ നിരോധന നിയമത്തിൽ മാറ്റം വരുത്തുക തുടങ്ങിയ 21 ആവശ്യങ്ങൾ പ്രസ്തുത നിവേദനത്തിലുണ്ട്. ഈ ആവശ്യങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളിൽ വിശദമായ പരിശോധനകൾ നടത്താനുണ്ട്. ഓരോ ആവശ്യവും ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(6) കോഴിക്കോട്ടെ ബി.ജെ.പി.-ആർ.എസ്.എസ്. അക്രമം

ശ്രീ. എം. ദാസൻ : കഴിഞ്ഞ തിങ്കളാഴ്ച കോഴിക്കോട് സിവിൽ സ്റ്റേഷൻ പരിസരത്ത് ഒരു സംഘം ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർ നടത്തിയിട്ടുള്ള അതിക്രമങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. കഴിഞ്ഞ വർഷം ഏപ്രിൽ മാസത്തിൽ ആത്മഹത്യ ചെയ്ത ബേപ്പൂരിലെ ആർ.എസ്.എസ്. പ്രവർത്തകൻ പെരിനിലത്ത് മനോജിന്റെ മരണം കൊലപാതകമാണെന്ന് പ്രചരിപ്പിച്ചുകൊണ്ട് ഇതിനെക്കുറിച്ച് സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഒരു സംഘം അക്രമികൾ സിവിൽ സ്റ്റേഷൻ പരിസരത്തും കോഴിക്കോട് നഗരത്തിലും അഴിഞ്ഞാട്ടം നടത്തിയത്. മുൻകൂട്ടി ആസൂത്രണം ചെയ്ത് ആയുധങ്ങളുമായി ഈ കൂട്ടർ സിവിൽ സ്റ്റേഷനു മുൻപിൽ പോലീസുകാരെ ആക്രമിക്കുകയായിരുന്നു. കത്തിയും വടിയും സോഡാ കുപ്പിയുമെല്ലാം ഉപയോഗിച്ച് പോലീസിനു നേരെ ആക്രമണം നടത്തിയ ബി.ജെ.പി. ആർ.എസ്.എസ്. സംഘം വഴിയാത്രക്കാരെയും വെറുതെ വിട്ടില്ല. സിവിൽ സ്റ്റേഷന്റെ പുറകിലത്തെ ഗേറ്റിൽ ധർണ്ണ നടത്തുകയായിരുന്നു. റേഷൻ വ്യാപാരികളെയും റേഷൻ വ്യാപാരികളുടെ ധർണ ഉത്ഘാടനം ചെയ്യാൻ എത്തിയ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനേയും ആക്രമിക്കുകയായിരുന്നു അവരുടെ ഉദ്ദേശം. റേഷൻ വ്യാപാരികളെ അക്രമികൾ കല്ലെറിഞ്ഞു. പന്നിയങ്കരയിലെ റേഷൻ കച്ചവടക്കാരൻ മാധവൻ നായർക്കും മറ്റും പരിക്കു പറ്റി.

LIBRARY ARCHIVES Kerala Legislative Assembly